**പതിമൂന്നാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1799 | 22.03.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്.

**സി.ബി.ഐ. അന്വേഷണത്തിന വിട്ടിട്ടുള്ള കേസുകളുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.അജിത് | | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന ശേഷം എത്ര കേസ്സുകൾ സി.ബി.ഐ. അന്വേഷണത്തിനായി വിട്ടിട്ടുണ്ട് ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനശേഷം പൊതുജനാഭിപ്രായം ഉയർന്നതും കോടതി നിർദ്ദേശിച്ചതുമായ 39 കേസ്സുകൾ സി.ബി.ഐ അന്വേഷണത്തിന് വിട്ടിട്ടുണ്ട്. |
| (ബി) പൊതുജനാഭിപ്രായം ഉയർന്നതും കോടതി നിർദ്ദേശിച്ചതും അല്ലാത്തതുമായ ഏതെല്ലാം കേസുകൾ ഈ ഗവണ്മെന്റ് സി.ബി.ഐ. അന്വേഷണത്തിനായി വിട്ടിട്ടുണ്ട് ; | | |
| (സി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിന ശേഷം സി.ബി.ഐ. അന്വേഷണം പൂർത്തിയാക്കിയ കേസുകൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ ; | (സി) | ഹൈക്കോടതി നിർദ്ദേശപ്രകാരം സി.ബി.ഐ. ഏറ്റെടുത്ത മൂന്ന് കേസുകളിൽഅന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. വിദേശത്ത് ഉന്നത വിദ്യാഭ്യാസവും ജോലിയും വാഗ്ദാനം ചെയ്ത് സെബാസ്റ്റ്യൻ.പി.ജോൺ, സ്റ്റെഫി മേരി ജോർജ്ജ് എന്നിവർ പണം തട്ടിയെടുത്തതിന ശേഷം ഉദ്യോഗാർത്ഥികളെ വഞ്ചിച്ചതുമായി ബന്ധപ്പെട്ട ഈ കേസുകൾ ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരം സി.ബി.ഐ. ഏറ്റെടുത്ത് RC.27(S)/2011-Cochin, RC.28(S)/2011-Cochin, RC.29(S)/2011-Cochin എന്നീ നമ്പരായി അന്വേഷിച്ച് കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) സി.ബി.ഐ. അന്വേഷണം പൂർത്തിയാക്കിയ കേസുകളിൽ ഗവണ്മെന്റ് എന്തുനടപടി എടുത്തു എന്നും വ്യക്തമാക്കുമോ | (ഡി) | സമ്പത്തിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണം പൂർത്തിയാക്കിയ 4 പേർക്കെതിരെ സി.ബി.ഐ. ആവശ്യപ്പെട്ട പ്രകാരം സർക്കാർ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.